# STD - VII

## അദ്ധ്യാപക സഹായി

**പാഠം - അഞ്ച്  പ്രലോഭനങ്ങൾ അതിജീവിച്ചവൻ  ഭാഗം - ഒന്ന്**

### ലക്ഷ്യം

നന്മയുടെ വഴികളിൽ സഞ്ചരിക്കുന്നവർക്കാണ് പ്രലോഭനങ്ങൾ ധാരാളമായി ഉണ്ടാകുക. പ്രലോഭനങ്ങൾ മനുഷ്യസഹജമാണ്. പ്രലോഭനങ്ങൾ ഉണ്ടാകാതിരിക്കുക അസാധ്യമാണ്. അവയെ അതിജീവിക്കുമ്പോഴാണ് നാം വിജയം നേടുന്നത്.

### പഠനസഹായികൾ

* പഠനസമയത്ത് ഉണ്ടാകുന്ന പ്രലോഭനങ്ങൾ വിവരിക്കുന്നു.
* പ്രാർത്ഥനയ്ക്കും ആത്മീയകാര്യങ്ങൾക്കും എതിരെ ഉണ്ടാകുന്ന പ്രലോഭനങ്ങൾ.
* നന്മ ചെയ്യുന്നതിനെതിരെയുള്ള പ്രലോഭനങ്ങൾ
* രാഷ്ട്രീയത്തിൽ നടക്കുന്ന പ്രലോഭനങ്ങൾ.
* സ്വർഗ്ഗസ്ഥനായ പിതാവെ എന്ന പ്രാർത്ഥന - ചാർട്ട് (മത്താ. 6:9-15)
* പരസ്യചിത്രങ്ങൾ

### പാഠത്തിന്റെ ഉള്ളടക്കം

* പഴയനിയമത്തിലെ ജോസഫിന്റെ ജീവിതാനുഭവങ്ങളിൽ നിന്നും പ്രലോഭനങ്ങളെ എങ്ങനെ അതിജീവിക്കാം എന്ന സന്ദേശം ലഭിക്കുന്നു.
* ദൈവം കരുണാമയനും നീതിമാനുമാണ്. അവിടുന്ന് വിശുദ്ധർക്ക് സമീപസ്ഥനും തിന്മചെയ്യുന്നവർക്ക് അപ്രാപ്യനുമാണെന്ന് ജോസഫിന്റെ കഥ തെളിയിക്കുന്നു.
* ദൈവസ്നേഹത്തിന് ചേരാത്തവിധം മനുഷ്യനിൽ രൂപപ്പെടുന്ന ദുരാഗ്രഹങ്ങൾ അഥവാ ദുരാശകളാണ് പ്രലോഭനങ്ങൾ.
* നാസാ (ഹീബ്രു) - പരീക്ഷിക്കുക. പഴയനിയമം
* പെയ്റാസ (ഗ്രീക്ക്) - പാപം ചെയ്യാൻ പ്രേരിപ്പിക്കുക - പുതിയനിയമം
* പ്രലോഭനങ്ങൾ മാനുഷികമാണ്. എന്നാൽ പ്രലോഭനത്തിൽ വീഴുന്നവൻ തെറ്റു ചെയ്യുകയും മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുകയും ചെയ്യുന്നു.
* യേശുവിന്റെ മരുഭൂമിയിലെ പ്രലോഭനം സമവീക്ഷണ സുവിശേഷങ്ങൾ ഒരുപോലെ പ്രതിപാദിക്കുന്നു.
* മരുഭൂമിയിൽ യേശു പരീക്ഷിക്കപ്പെടുമ്പോൾ മനുഷ്യരാശി നേരിടുന്ന മൂന്ന് അവസ്ഥകളിലുള്ള പ്രലോഭനങ്ങളും അതിന്റെ അതിജീവനവും വെളിവാക്കപ്പെടുന്നു.

# STD - VII

## അദ്ധ്യാപക സഹായി

**പാഠം – അഞ്ച്    പ്രലോഭനങ്ങൾ അതിജീവിച്ചവൻ    ഭാഗം – രണ്ട്**

### ലക്ഷ്യം

നന്മയുടെ വഴികളിൽ സഞ്ചരിക്കുന്നവർക്കാണ് പ്രലോഭനങ്ങൾ ധാരാളമായി ഉണ്ടാകുക. പ്രലോഭനങ്ങൾ മനുഷ്യസഹജമാണ്. പ്രലോഭനങ്ങൾ ഉണ്ടാകാതിരിക്കുക അസാധ്യമാണ്. അവയെ അതിജീവിക്കുമ്പോഴാണ് നാം വിജയം നേടുന്നത്.

### പഠനസഹായികൾ

* പഠനസമയത്ത് ഉണ്ടാകുന്ന പ്രലോഭനങ്ങൾ വിവരിക്കുന്നു.
* പ്രാർത്ഥനയ്ക്കും ആത്മീയകാര്യങ്ങൾക്കും എതിരെ ഉണ്ടാകുന്ന പ്രലോഭനങ്ങൾ.
* നന്മ ചെയ്യുന്നതിനെതിരെയുള്ള പ്രലോഭനങ്ങൾ
* രാഷ്ട്രീയത്തിൽ നടക്കുന്ന പ്രലോഭനങ്ങൾ.
* സ്വർഗ്ഗസ്ഥനായ പിതാവെ എന്ന പ്രാർത്ഥന – ചാർട്ട് (മത്താ. 6:9–15)
* പരസ്യചിത്രങ്ങൾ

### പാഠത്തിന്റെ ഉള്ളടക്കം

* വിശപ്പ് അപ്പംകൊണ്ടുമാത്രം മാറുന്നില്ല. സ്വന്തം സുഖത്തിനായി ദൈവികദാനങ്ങൾ ഉപയോഗിക്കരുത്. അത് തെറ്റും പാപവുമാണ്.
* ദൈവാരാധനയിൽ നിന്നും പിന്മാറിയാൽ എല്ലാം ലഭിക്കും എന്ന പ്രലോഭനം. എല്ലാം ദൈവത്തിന്റെ ദാനമാണെന്ന തിരിച്ചറിവുണ്ടാകുമ്പോൾ ദൈവത്തോട് ചേർന്നു നിൽക്കാനല്ലാതെ മറ്റെന്താണ് കഴിയുക എന്ന ഉൾക്കാഴ്ചയിലേക്ക് നയിക്കുന്നു.
* സ്വന്തം കഴിവുകൾകൊണ്ടാണ് എല്ലാം നേടിയതെന്ന് അഹങ്കരിക്കുന്നവന്, ദൈവിക സംരക്ഷണം മറക്കുന്നവന് ലഭിക്കുന്ന, എന്ന ഓർമ്മപ്പെടുത്തലാണ് നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്ന വചനം.
* ദൈവരാജ്യത്തിൽ നിലനിൽക്കാനും അതിലൂടെ രക്ഷനേടാനും കുരിശിന്റെ വഴി മാത്രമാണ് ഉള്ളതെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം.
* അദ്ധ്വാനിക്കാതെ നേടുന്നത് നിലനിൽക്കില്ല.
* സഹനത്തിലൂടെ മാത്രമേ സ്നേഹം തെളിയിക്കപ്പെടുന്നുള്ളു.
* മരുഭൂമിയിലെ പരീക്ഷണം എന്ന സുവിശേഷഭാഗം നമ്മെ പഠിപ്പിക്കുന്നത് ദൈവ

ത്തിലാശ്രയിച്ച് മാത്രം മുന്നോട്ടുപോകുക. ദൈവവചനം ഉപയോഗിച്ചുപോലും പരീക്ഷിക്കപ്പെടുമ്പോൾ ദൈവം മാത്രമാണ് രക്ഷ.

* പ്രലോഭന സാഹചര്യങ്ങൾ പ്രാർത്ഥനാപൂർവം ഒഴിവാക്കുക.

## പ്രാർത്ഥന

പ്രലോഭനങ്ങളെ എങ്ങനെ അതിജീവിക്കണമെന്ന് ജീവിതംകൊണ്ട് ഞങ്ങളെ പഠിപ്പിച്ച ഈശോനാഥാ ദൈവസ്നേഹത്തിന് ചേരാത്തവിധം ഞങ്ങളിൽ രൂപപ്പെടുന്ന ദുരാഗ്രഹങ്ങളെ പ്രാർത്ഥനയിൽ ആശ്രയിച്ചുകൊണ്ട് അകറ്റി നിർത്തുവാൻ വേണ്ട കൃപ ഞങ്ങൾക്ക് നൽകണമേ.

## ചോദ്യങ്ങൾ

1. ജോസഫിന്റെ കഥ നമുക്ക് നൽകുന്ന സന്ദേശം എന്ത്?
2. കുറുക്കുവഴികളിലൂടെയല്ല, കുരിശിന്റെ വഴിയിലൂടെയാണ് യേശു നടന്നു നീങ്ങിയത്. വിശദീകരിക്കുക.
3. പ്രലോഭനങ്ങളെ സൂചിപ്പിക്കുവാൻ പഴയനിയമത്തിലും പുതിയനിയമത്തിലും ഉപയോഗിക്കുന്ന പദങ്ങൾ ഏതെല്ലാം? അതിന്റെ അർത്ഥം എന്ത്?
4. മരുഭൂമിയിലെ പരീക്ഷണങ്ങളിൽ യേശു ഉത്തരം നൽകുന്ന ദൈവവചനങ്ങൾ ഏതെല്ലാം?
5. കുരിശിലെ പ്രലോഭനം എന്ത്? ഇതിന് യേശു നൽകുന്ന മറുപടി എന്ത്?